**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3697** **27-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യാത്രക്കാരെ ആകർഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ്, ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ലാഭകരമായ റൂട്ടുകൾ കണ്ടെത്തി അധിക സർവീസുകൾ ജനോപകാരപ്രദമായി ആരംഭിച്ചുവരുന്നുണ്ട്. കൂടാതെ താഴെ പറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.<br><br>1. <u>സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ</u><br><br>മികച്ച ഇന്ധനക്ഷമതയുള്ളതും ചെലവ് കുറഞ്ഞ നാല് സിലിണ്ടർ എഞ്ചിനോട് കൂടിയതും താരതമ്യേന വിലകുറഞ്ഞതുമായ എ.സി. ബസ്സുകൾ ലഭ്യമാക്കി ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ ആധുനിക സൗകര്യങ്ങൾ നൽകിയും പ്രീമിയം സൂപ്പർ ഫാസ്റ്റ് എന്ന ക്ലാസ് സർവീസുകൾ വരുമാന വർദ്ധനവിനായി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പൈലറ്റ് പദ്ധതി വിജയകരമായി പൂർത്തിയാക്കി.<br><br>2. <u>ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP)</u><br><br>ദീർഘദൂര സർവീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കോൺവോയ് ആയി സർവീസ് നടത്തുന്നത് ഒഴിവാക്കുന്നതിനും യാത്രക്കാരുടെ സൗകര്യാർത്ഥവും നിലവിൽ തിരുവനന്തപുരത്ത് നിന്നും തൃശ്ശൂരിലേയ്ക്കോ അതിനപ്പുറമോ സർവീസ് നടത്തുന്ന എല്ലാ സൂപ്പർ ഫാസ്റ്റ് ബസ്സുകളെയും സൂപ്പർഫാസ്റ്റ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകളാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പ്രത്യേക ഡെസ്റ്റിനേഷൻ ബോർഡുകളിൽ കളർ കോഡുകൾ പ്രദർശിപ്പിക്കുന്നതാണ്. ഇപ്രകാരം കൂടുതൽ |

യാത്രക്കാരെ ആകർഷിച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.

3. മിനി ഫീഡർ ഓർഡിനറി സർവീസ്

യാത്രക്കാർ കുറവുള്ളതും എന്നാൽ സാമൂഹിക പ്രതിബദ്ധതയുള്ളതുമായ റൂട്ടുകളിലും ഗ്രാമീണ റൂട്ടുകളിലും താരതമ്യേന ചെലവ് കുറച്ച് നഷ്ടം ഒഴിവാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനായി വലിയ ഡീസൽ ബസ്സുകൾ ഒഴിവാക്കി പകരം പുതിയ മിനി ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതാണ് പ്രസ്തുത പദ്ധതി. ഇതിന്റെ പൈലറ്റ് പദ്ധതി വിജയകരമായി നടന്നുവരുന്നു.

4. നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ

നിലവിൽ യാത്രക്കാർ കുറവുള്ളതും എന്നാൽ ഡിമാന്റ് ഉള്ളതുമായ ഒറ്റപ്പെട്ട റൂട്ടുകളിലും ഹ്രസ്വദൂര റൂട്ടുകളിലും ഓടുന്ന വലിയ 6 സിലിണ്ടർ ഡീസൽ ബസ്സുകൾക്ക് പകരം പുതിയ വലിപ്പം കുറഞ്ഞ നാല് സിലിണ്ടർ 40 സീറ്റർ പുതിയ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ നൽകി ചെലവ് ചുരുക്കി നഷ്ടം കുറക്കുന്നതിനാണ് പദ്ധതി. കാലപഴക്കം ചെന്ന ഏതാണ്ട് 200 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മാറ്റി ഇത്തരത്തിൽ ചെലവ് കുറച്ച് വരുമാനം വർദ്ധിപ്പിച്ച് ഓപ്പറേറ്റ് ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

5. ഇലക്ട്രിക് ബസ്സുകളുടെ പുനഃക്രമീകരണം

പരിമിതമായ യാത്രക്കാരോടെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും, പൊതുവെ യാത്രക്കാർ കുറവുള്ളതും സിറ്റിയിലേയ്ക്ക് വരുന്നതുമായ വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടുന്നതിനും ജനോപകാരപ്രദമായ സർവീസ് ആക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്. പൂർണ്ണമായും പരിസ്ഥിതി മലിനീകരണം ഒഴിവാക്കിയും ചെലവ് കുറഞ്ഞ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിനും ഈ ബസ്സുകളിലൂടെ കെ.എസ്.ആർ.ടി.സി.യ്ക്ക് കഴിഞ്ഞിട്ടുണ്ട്. പ്രധാന റൂട്ടുകളിലെ ട്രിപ്പുകൾ പുനഃക്രമീകരിച്ചതിലൂടെ പ്രതിദിന യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

6. ബഡ്ജറ്റ് ടൂറിസം

കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ നിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ട്രാഫിക് ഡിമാന്റ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) ആകർഷകമായ നിരക്കിൽ അഡീഷണൽ സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി സ്പെഷ്യൽ സർവ്വീസുകളും ആവശ്യാനുസരണം അയച്ച് വരുമാന വർദ്ധനവിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

7. <u>പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ</u>

തമിഴ്നാടുമായുള്ള 2019ലെ അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അധിക സർവീസ് നടത്താൻ അവകാശമുണ്ടായിരുന്ന റൂട്ടുകളിൽ കൂടി പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചു. വോൾവോ ലോ ഫ്ളോർ എ.സി., സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് സർവ്വീസുകൾക്കായി ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ വിവിധ യൂണിറ്റുകളിൽ നിന്നും കോയമ്പത്തൂർ, തെങ്കാശി, തേനി, കമ്പം, ഉദുമൽപേട്ട്, പൊള്ളാച്ചി എന്നിവിടങ്ങളിലേയ്ക്കാണ് ബാക്കിയുണ്ടായിരുന്ന വരുമാന ലഭ്യതയുള്ള പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചത്. വരുമാന വർദ്ധനവ് ലഭ്യമാകുന്ന മുറക്ക് ഇത്തരം കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്.

2024 മാർച്ച് മാസം മുതൽ 16 അധിക അന്തർസംസ്ഥാന സർവീസുകൾ പുതുതായി ആരംഭിക്കുകയും മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കി തുടർന്ന് വരികയും ചെയ്യുന്നുണ്ട്.

8. <u>സമുദ്ര</u>

മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന ദരിദ്രരായ വനിതാ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാകൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രത്യേക സംവിധാനങ്ങളോടു കൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ്

വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്യുന്നു. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ചെലവ് കുറച്ച് അധിക വരുമാനം ലഭ്യമാക്കി യാത്രാ സൗകര്യം ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്.

9. <u>നോൺ സ്റ്റോപ്പ് / ലിമിറ്റഡ് സ്റ്റോപ്പ്, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ, സിറ്റി സർക്കുലർ സർവീസുകൾ</u>

കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി യാത്രാസമയം കുറച്ച് വേഗത്തിൽ എത്തുന്ന രീതിയിൽ കൂടുതൽ നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബൈപ്പാസ് റൈഡർ സർവീസുകളും യാത്രക്കാർക്ക് ഇടയ്ക്ക് ഇറങ്ങി മാറി കയറുന്നത് ഒഴിവാക്കി നേരിട്ട് പോകുന്നതിന് സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ സർവീസുകളും, സിറ്റിക്കുള്ളിൽ സൗകര്യപ്രദമായി യാത്ര ചെയ്യുന്നതിന് സിറ്റി സർക്കുലർ / പോയിന്റ് ടു പോയിന്റ് സർവീസുകളും ആരംഭിച്ചത് കൂടുതൽ കാര്യക്ഷമമായി പുനഃക്രമീകരിച്ച് കൂടുതൽ യാത്രക്കാരെ ആകർഷിച്ച് വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്ക്-ന് സ്ഥലം അനുവദിച്ചു നൽകുകയും ആയതിൽ നിന്നും പ്രതിമാസ വാടക ലഭിച്ചു വരുന്നു. നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി 30 വർഷത്തേയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information system, ഷോപ്പ് ഓൺ വീൽസ്, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി. കൂടുതൽ ഡിപ്പോകളിലേക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും, ഡോർ ഡെലിവറി & പിക്കപ്പ് തുടങ്ങുവാനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇടനിലക്കാർ ഇല്ലാതെ കെ.എസ്.ആർ.ടി.സി. മാർക്കറ്റിങ് എക്സിക്യൂട്ടീവുകൾ മുഖേന നേരിട്ട് Low Floor ഉൾപ്പെടെയുള്ള ബസുകളിൽ പരസ്യം പതിച്ചു വരുന്നു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്

കോർപ്പറേഷനുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും, എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസുകളിലും വ്യാപിപ്പിക്കുവാനും ഉള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണവും അത്യാവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി Hotel Restaurant cum Supermarket തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ബസുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശത്തോടു കൂടി Snacks Box സ്ഥാപിക്കുവാനുള്ള നടപടികളും, ബസിലെ Seat Cover-ലും Hand rail-ലും പരസ്യം പതിക്കുന്നതിനും ടെണ്ടർ ക്ഷണിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ച് വരുന്നു.

<u>റെന്റൽ മാനേജ്മെന്റ് സിസ്റ്റം</u>

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് ഇതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണം ഇടപാടുകളും ഓൺലൈൻ വഴി അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനം ആയ റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ 03.04.2023-ന് നടപ്പിലാക്കി കഴിഞ്ഞു.

ടി സംവിധാനം നടപ്പിലാക്കുന്നതു വഴി കേരളത്തിൽ ഉടനീളമുള്ള റെന്റ് സംബന്ധമായ പണം ഇടപാടുകൾ കേന്ദ്രീകൃതമായി കൃത്യമായി അറിയുവാൻ സാധിക്കും.

<u>കൊറിയർ സംവിധാനം</u>

കെ.എസ്.ആർ.ടി.സി.യിൽ കൊറിയർ സംവിധാനം 15.06.2023 തീയതി മുതൽ ആരംഭിച്ചു.

കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് 16 മണിക്കൂർ കൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും.

നിലവിൽ 47 യൂണിറ്റുകളിൽ ടി സംവിധാനം സജ്ജമാണ്. കേരളത്തിന് പുറത്ത് തമിഴ്നാട്ടിൽ കോയമ്പത്തൂർ, നാഗർകോവിൽ എന്നിടങ്ങളിലെല്ലാം കൊറിയർ കൗണ്ടർ സേവനം ലഭ്യമാണ്.

<u>സ്മാർട്ട് ട്രാവൽ കാർഡ്</u>

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായി

ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി നടപ്പാക്കുന്ന സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി, ആർ.എഫ്.ഐ.ഡി. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോട് കൂടിയ ട്രാവൽ കാർഡാണ്.

ഇത് വഴി മുൻകൂറായി പണം റീ ചാർജ് ചെയ്ത് യാത്ര ചെയ്യാനാകും.

യാത്രക്കാർക്ക് ചില്ലറയില്ലാതെയുള്ള ബുദ്ധിമുട്ടുകളും ഇത് വഴി പരിഹരിക്കപ്പെടും.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരുന്നത്.

ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.

"കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ് / ഹോം സ്റ്റേ / ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയ്ക്കും അന്തിമ രൂപം നൽകി വരുന്നു.

"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ / റെസ്റ്റോറന്റ്, റെസ്റ്റോറന്റ് കം സൂപ്പർമാർക്കറ്റ് ശൃംഖലകൾ വിനോദ

| | | | |
|---|---|---|---|
| | | | സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം 2024 മെയ് മാസം മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി.യ്ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രതിദിന ഹ്രസ്വദൂര സ്ഥിരയാത്രക്കാരെ ആകർഷിക്കുന്നതിന് പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (ബി) | പ്രതിദിന ഹ്രസ്വദൂര സ്ഥിരയാത്രക്കാരെ ആകർഷിക്കുന്നതിനായി യാത്രക്കാർ കുറവുള്ളതും എന്നാൽ സാമൂഹിക പ്രതിബദ്ധതയുള്ളതുമായ റൂട്ടുകളിലും ഗ്രാമീണ റൂട്ടുകളിലും താരതമ്യേന ചെലവ് കുറച്ച് നഷ്ടം ഒഴിവാക്കുവാനായി വലിയ ഡീസൽ ബസ്സുകൾ ഒഴിവാക്കി പകരം പുതിയ മിനി ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് മിനി ഫീഡർ ഓർഡിനറി സർവീസ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ പൈലറ്റ് പദ്ധതി വിജയകരമായി നടന്നുവരുന്നു.<br><br>ഹ്രസ്വദൂര സ്ഥിരയാത്രക്കാരുടെ സൗകര്യാർത്ഥം ഇലക്ട്രിക് ബസ്സ് റൂട്ടുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റിയിട്ടുണ്ട്.<br><br>ഒരു ഡെസ്റ്റിനേഷനിൽ നിന്നും സിറ്റിക്കുള്ളിലെ തന്നെ പ്രധാന ഡെസ്റ്റിനേഷനിലേയ്ക്ക് നേരിട്ട് സർവ്വീസ് നടത്തി യാത്രക്കാർ ഇറങ്ങി കയറുന്നത് ഒഴിവാക്കി ആകർഷകമാക്കി പീക്ക് സമയത്ത് സിറ്റി ഷട്ടിൽ സർവ്വീസുകൾ നടത്തി വരുന്നു.<br><br>സിറ്റിയുടെ ഇരുഭാഗത്തുമുള്ള പ്രധാന ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ച് ഇറങ്ങി കയറുന്നത് ഒഴിവാക്കി യാത്രക്കാർക്ക് നേരിട്ട് യാത്രാ സൗകര്യം ഒരുക്കി യാത്രക്കാരെ ആകർഷിക്കുന്നതിനായി സിറ്റി റേഡിയൽ സർവ്വീസ് നടത്തിവരുന്നു.<br><br>കൂടാതെ ഹ്രസ്വദൂര യാത്രക്കാർക്ക് പണമിടപാട് എളുപ്പത്തിലാക്കുവാൻ ട്രാവൽ കാർഡ് സംവിധാനവും യാത്രക്കാർക്ക് ബസ് എവിടെ എത്തി എന്ന് അറിയുവാനുള്ള ബസ് ട്രാക്കിംഗ് സംവിധാനവും നടപ്പിലാക്കുന്നതിന് പദ്ധതി ദ്രുതഗതിയിൽ വ്യാപിപ്പിച്ച് വരുന്നു.<br><br><u>സ്മാർട്ട് ട്രാവൽ കാർഡ്</u><br><br>ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായി |

| | | | |
|---|---|---|---|
| | | | ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി നടപ്പാക്കുന്ന സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി. ആർ.എഫ്.ഐ.ഡി. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോട് കൂടിയ ട്രാവൽ കാർഡാണ്.<br><br>ഇത് വഴി മുൻകൂറായി പണം റീ ചാർജ് ചെയ്ത് യാത്ര ചെയ്യാനാകും.<br><br>യാത്രക്കാർക്ക് ചില്ലറയില്ലാതെയുള്ള ബുദ്ധിമുട്ടുകളും ഇത് വഴി പരിഹരിക്കപ്പെടും.<br><br><u>ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ</u><br><br>കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിങ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും.<br><br>ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് ടിക്കറ്റ് മുൻകൂട്ടി റിസർവ് ചെയ്യുവാനും സർവീസ് നടത്തുന്ന ബസ്സുകൾ എവിടെ എത്തി എന്നറിയുവാനും, മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാനും സാധിക്കും. |
| (സി) | ട്രെയിൻ ടിക്കറ്റുകൾക്കായി ഏർപ്പെടുത്തിയിട്ടുള്ള യു.ടി.എസ്. ആപ്പ് മാതൃകയിൽ കെ.എസ്.ആർ.ടി.സി. ടിക്കറ്റുകളും എടുക്കുന്നതിന് യാത്രക്കാർക്ക് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ; | (സി) | <u>ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം</u><br><br>കെ.എസ്.ആർ.ടി.സി.യിലേക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്.<br><br>മുൻകൂർ ടിക്കറ്റ് ബുക്കിംഗ് ആയി "ente ksrtc neo OPRS" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ "ഗ്രൂപ്പ് ടിക്കറ്റ് ഓപ്ഷൻ" മുഖേന നാലോ അതിൽ അധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ് ആയ 10 രൂപ മാത്രം നൽകിയാൽ മതിയാകും." റൗണ്ട് |

| | | | |
|---|---|---|---|
| | | | ടിക്കറ്റ്" ബുക്ക് ചെയ്യുമ്പോൾ റിട്ടേൺ ടിക്കറ്റ് തുകയുടെ 10% ഇളവ് ലഭിക്കുന്നതാണ്.<br><br>പരീക്ഷണാടിസ്ഥാനത്തിൽ നടത്തിവരുന്ന ചലോ ആപ്പ് വഴി യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കും. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് പോകേണ്ട വിവരങ്ങൾ നൽകിയാൽ ടി റൂട്ടിൽ ഓടുന്ന ബസുകൾ ലിസ്റ്റ് ചെയ്യുകയും ടി ലിസ്റ്റിൽ നിന്നും ഓൺലൈനായി ഡിജിറ്റൽ ടിക്കറ്റ് എടുക്കുവാനും സാധിക്കും. ടി സംവിധാനം വഴി പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ടിക്കറ്റ് പേപ്പറുകളുടെ ഉപയോഗം കുറയ്ക്കുവാനും സാധിക്കും. |
| (ഡി) | സ്ഥിരം യാത്രക്കാർക്കായി സീസൺ ടിക്കറ്റോ പ്രീപെയ്ഡ് പ്രിവിലേജ് കാർഡോ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ? | (ഡി) | <u>സ്മാർട്ട് ട്രാവൽ കാർഡ്</u><br><br>ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി നടപ്പാക്കുന്ന സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി, ആർ.എഫ്.ഐ.ഡി. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോട് കൂടിയ ട്രാവൽ കാർഡാണ്.<br><br>ഇത് വഴി മുൻകൂറായി പണം റീ ചാർജ് ചെയ്ത് യാത്ര ചെയ്യാനാകും.<br><br>യാത്രക്കാർക്ക് ചില്ലറയില്ലാതെയുള്ള ബുദ്ധിമുട്ടുകളും ഇത് വഴി പരിഹരിക്കപ്പെടും.<br><br>പണം ചാർജ് ചെയ്യുന്നതിന് ആനുപാതികമായ ഓഫറുകളും ലഭിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ